ഈ സാമ്പത്തിക വർഷം തന്നെ ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള നടപടികളും എടുത്തു കഴിഞ്ഞു. കാർഷിക രംഗത്ത് ചില സൗജന്യങ്ങളും ഡിപ്പാർട്ടുമെന്റ് ചെയ്തു കൊടുക്കുന്നുണ്ട്. മിനിമം ഗാരന്റി ഇൻസിസ്റ്റു ചെയ്യുന്നില്ല. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നാണ്യവിളകളും അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. തെങ്ങ്, കുരുമുളക്, കാർഡമം, റബ്ബർ, കോഫി മുതലായ എല്ലാ കൃഷിക്കും മിനിമം ഗാരന്റി ഇൻസിസ്റ്റു ചെയ്യേണ്ട എന്നുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അവികസിത പ്രദേശമാണെന്നംഗീകരിച്ചിട്ടുള്ളതുകൊണ്ടാണ് വികസന പ്രവർത്തനങ്ങളിൽ മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ ഹിൽ ഏരിയാ മൊത്തത്തിൽ വികസിപ്പിച്ചെടുക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. അതിനാവശ്യമായ സംവിധാനങ്ങളൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. ജനപ്രതിനിധികളിൽനിന്നും പൊതുജനങ്ങളിൽനിന്നും വേണ്ട സഹകരണം ഉണ്ടാകണമെന്നേയുള്ളു. യാതൊരു കാലതാമസവും അവഗണനയും ഇല്ല. അവഗണന എന്നു പറഞ്ഞത് എല്ലാം ദുരുദ്ദേശമാണെന്നു ഞാൻ പറയുന്നില്ല. കാര്യസാധ്യത്തിനുവേണ്ടി തന്റെ വാദം ശക്തമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതാണ്.

IV. ധനകാര്യം

1978-79 ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സപ്ലിമെന്റ്.

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സർ, 1978-79 ലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സപ്ലിമെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

V. റിപ്പോർട്ടു സമർപ്പിക്കൽ

(i) കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ, കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ട്

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ടു പരിഗണന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): കാര്യോപദേശകസമിതിയുടെ 11-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. എസ്തോസ്: സർ, അതൊന്നു വായിച്ചു കേട്ടാൽ കൊള്ളാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly